# FAMILY APOSTOLATE - DIOCESE OF PALAI

SHALOM PASTORAL CENTRE, PALAI- 686 575

Ph:04822 210049 Mob: 9744210049, 8547150049

Email: info@familyapostolate.in www.familyapostolate.in


## വിവാഹ ഒരുക്ക സെമിനാർ - പാലാ രൂപത

## സെമിനാറിൽ പാലിക്കേണ്ട നിബന്ധനകൾ

### സെമിനാർ സ്ഥലം

1. പാലാ രൂപതയുടെ അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് സെമിനാർ നടത്തുന്നത്. പാലാ അൽഫോൻസാ കോളേജിന്റെ എതിർവശത്ത്, സെന്റ് തോമസ് കോളേജിന്റെ കിഴക്കുവശത്തു കൂടി ആറ്റുതീരത്തേക്കുള്ള ടാറിട്ട റോഡുവഴി 300 മീറ്റർ സഞ്ചരിച്ചാൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്താം.
2. സെമിനാർ രാവിലെ 8 മണിക്ക് ആരംഭിച്ച് മൂന്നാം ദിവസം വൈകുന്നേരം 4 മണിക്ക് സമാപിക്കും.

### സെമിനാർ ബുക്കിംഗ്

1. പാലാ അരമനയുടെ എതിർവശത്ത് ഷലോം പാസ്റ്ററൽ സെന്ററിലുള്ള ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിലാണ് (Room No.14) ബുക്കിംഗ് സ്വീകരിക്കുന്നത്.
2. പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസിച്ചു പൂർണ്ണമായി പങ്കെടുക്കാൻ തയ്യാറുള്ളവർക്ക് മാത്രമേ സെമിനാറിൽ പ്രവേശനം നൽകുകയുള്ളു.
3. സെമിനാറിന് ബുക്കു ചെയ്യാനായി വരുമ്പോൾ വിവാഹാർത്ഥിയുടെ ഏറ്റവും സമീപകാലത്ത് എടുത്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൊണ്ടുവരണം.
4. മറ്റ് രൂപതകളിൽനിന്ന് സെമിനാർ ബുക്കിംഗിനു വരുന്നവർ ബഹു. വികാരി / അസി.വികാരിയുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
5. ഫീസ് മുഴുവൻ അടച്ച് രജിസ്റ്റർ ചെയ്യുന്നവർക്കുമാത്രമേ കോഴ്സിനു പ്രവേശനം ലഭിക്കുകയുള്ളൂ.
6. മനസ്സമ്മതത്തിന് മുമ്പാണ് വിവാഹ ഒരുക്കസെമിനാറിൽ പങ്കെടുക്കേണ്ടത്.
7. പ്രതിശ്രുത വധൂവരന്മാർ ഒരേ സെമിനാറിൽ തന്നെ സംബന്ധിക്കുന്നതാണ് ഉചിതം.
8. തക്കതായ കാരണങ്ങളാൽ നിങ്ങൾ ചെയ്ത ബുക്കിംഗ് ക്യാൻസൽ ചെയ്യേണ്ടിവന്നാൽ സെമിനാർ തുടങ്ങുന്നതിനു രണ്ടു ദിവസം മുമ്പ് എങ്കിലും ഓഫീസിൽ അറിയിക്കേണ്ടതാണ്. അവർക്ക് ബുക്കിംഗ് ഫീസിന്റെ 80% തിരിച്ച് നൽകുന്നതാണ്.
9. ബുക്കു ചെയ്ത സെമിനാറിൽ സംബന്ധിക്കാതിരുന്നാൽ അവർക്ക് ഫീസ് തിരിച്ചു ലഭിക്കുന്നതല്ല.

### സെമിനാറിന് എത്തുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. പൂർണ്ണമായി പൂരിപ്പിച്ച്, ഫോട്ടോ പതിപ്പിച്ച്, ബഹു. വികാരി / അസി.വികാരി സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ ഫോമും ഫീസ് അടച്ച രസീതും കൊണ്ടുവരണം.
2. സെമിനാർ ദിവസം രാവിലെ 8 മണി മുതൽ രജിസ്ട്രേഷൻ ആരംഭിക്കും. 9 മണിക്ക് സെമിനാർ ആരംഭിക്കും.
3. സെമിനാർ ആരംഭിച്ച ശേഷം ആരെയും പ്രവേശിപ്പിക്കുന്നതല്ല.
4. സെമിനാർ ദിവസങ്ങളിലെ താമസത്തിന് അത്യാവശ്യമുള്ള സാധനങ്ങളും രണ്ടു ബഡ്ഷീറ്റും കൊണ്ടുവരണം
5. പേനയും നോട്ടുബുക്കും കൊണ്ടുവരണം.
6. നമസ്കാരങ്ങൾ മുഴുവൻ പഠിച്ചിട്ട് വരണം.

### സെമിനാറിൽ പാലിക്കേണ്ട നിബന്ധനകൾ

1. സെമിനാറിൽ ആരംഭം മുതൽ അവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളു.
2. സെമിനാറിനിടയിൽ കല്യാണം ഉറപ്പിക്കൽ, ഒത്തുകല്യാണം തുടങ്ങിയ ചടങ്ങുകൾക്ക് പോകുവാൻ അനുവാദം ഇല്ല.
3. സെമിനാർ ദിവസങ്ങളിൽ സന്ദർശകരെ സ്വീകരിക്കുന്നതിനോ ഇതരകാര്യങ്ങൾക്കോ കോമ്പൗണ്ട് വിട്ട് പുറത്തുപോകുവാൻ അനുവദിക്കുന്നതല്ല.
4. പുകവലി, മദ്യപാനം, മറ്റ് ലഹരിവസ്തുക്കൾ എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു.
5. സെമിനാറിന് ഹാളിൽ ഇരിക്കേണ്ട സീറ്റുനമ്പരും, വിശ്രമത്തിനായുള്ള മുറികളിലെ ബെഡ് നമ്പരും നിശ്ചയിച്ചുതന്നിട്ടുണ്ട്. സെമിനാർ അവസാനിക്കുന്നതുവരെ അവ മാറുവാൻ പാടില്ല.
6. അവരവർക്ക് നല്കിയിരിക്കുന്ന മുറികളിലല്ലാതെ മറ്റു മുറികളിൽ പ്രവേശിക്കുവാൻ പാടില്ല.
7. ദേവാലയത്തിലും ക്ലാസ്സുകളിലും ഭക്ഷണഹാളിലും കൃത്യസമയത്തുതന്നെ എത്തിച്ചേരണം.
8. അലക്ഷ്യമായി ക്ലാസ്സുകളിൽ സംബന്ധിക്കാൻ പാടില്ല.
9. ഓരോ ക്ലാസ്സുകളുടെയും നോട്ടുകൾ ബുക്കിൽതന്നെ എഴുതണം. അവ കോഴ്സിന്റെ അവസാന ദിവസം പരിശോധിക്കുന്നതാണ്.
10. മൊബൈൽ ഫോണിന്റെ ഉപയോഗം സെമിനാറിൽ അനുവദിച്ചിട്ടില്ല.
11. സെമിനാറിന്റെ അവസാനദിവസം പരീക്ഷ ഉണ്ടായിരിക്കും. സെമിനാറിൽ നൽകിയ ക്ലാസ്സുകളും നമസ്കാരങ്ങളും ഉൾപ്പെടുന്നതാണ് പരീക്ഷ.
12. സെമിനാറിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ സെമിനാറിൽ തുടരാൻ അനുവദിക്കുന്നതല്ല.